# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6490 21.11.2019 -ൽ മറുപടിക്ക്

**കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.വി.ആർ.സുനിൽകുമാർ<br>" ഇ.ടി.ടൈസൺ മാസ്റ്റർ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | പൊതു വിദ്യാഭ്യാസ മേഖലയിൽ പഠിക്കുന്ന കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിന് തയ്യാറാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | എ | കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പദ്ധതികൾ എസ്.സി.ഇ.ആർ.ടി പൂർത്തിയാക്കി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഹൈസ്കൂൾ തലത്തിലെ കുട്ടികളുടെ മലയാള ഭാഷാ ശേഷി വികസിപ്പിക്കുന്നതിനുള്ള 'എന്റെ മലയാളം', ഇംഗ്ലീഷ് ഭാഷാശേഷി വികസിപ്പിക്കുന്നതിനുള്ള 'റെലിഷ് ഇംഗ്ലീഷ്' എന്നീ ഗവേഷണ പദ്ധതികളും, അപ്പർ പ്രൈമറി തലത്തിൽ യഥാക്രമം അറബിക്, സംസ്കൃതം, ഉറുദു, ഹിന്ദി എന്നിവയിൽ കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനുള്ള അഹ് ലൻ അറബിക്, സംസ്കൃത മാധുരി, പ്യാരി ഉറുദു, സുരീലി ഹിന്ദി എന്നീ പദ്ധതികളും നടപ്പാക്കി വരുന്നു. ഇതു കൂടാതെ മലയാളം, ഇംഗ്ലീഷ് വിഷയങ്ങളിൽ അധികവായനാ സാമഗ്രികളും തയ്യാറാക്കിയിട്ടുണ്ട്. സംസ്കൃതം, ഉറുദു വിഷയങ്ങളിൽ വായനാ സാമഗ്രികൾ തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| ബി | മാതൃഭാഷാ പരിപോഷണത്തിനായി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ ഫലപ്രാപ്തി സംബന്ധിച്ച വിവരങ്ങളും അറിയിക്കുമോ; | ബി | മാതൃഭാഷാ പരിപോഷണത്തിനായി എന്റെ മലയാളം എന്ന പ്രത്യേക പരിപാടി നടപ്പിലാക്കി വരുന്നു. മൂന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ കീഴിൽ ഇതിന്റെ ഫലപ്രാപ്തി പഠനം നടത്തിയിട്ടുണ്ട്. തമിഴ്, കന്നട മാധ്യമങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ മലയാള ഭാഷാ പഠനത്തിനായി പ്രത്യേക പാഠപുസ്തകങ്ങളും തയ്യാറാക്കി നൽകുന്നുണ്ട്. 1, 2, 3 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള പാഠപുസ്തകങ്ങൾ ഇതിനോടകം അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. മറ്റ് ക്ലാസ്സുകളിലേക്കായി ഘട്ടം ഘട്ടമായി പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതാണ്. |
| സി | പ്രീ-പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറി തലം വരെ മാതൃഭാഷാ പഠനം നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | സി | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒന്നാം തരം മുതൽ പത്താം തരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി 02.06.2018 ലെ സ.ഉ (പി) നം.14/18/പൊ.വി.വ പ്രകാരം മലയാളഭാഷാ പഠന ചട്ടങ്ങൾ നിലവിലുണ്ട്. ഹയർസെക്കന്ററി തലത്തിൽ മലയാളം ഉപഭാഷയായും ഓപ്ഷണലായും പഠിക്കുന്നതിന് അവസരം നൽകുന്നുണ്ട്. |
| ഡി | ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്താനായി ഇതുവരെ നടന്ന പരിപാടികൾ സംബന്ധിച്ച വിശകലനം നടത്തിയിട്ടുണ്ടോ; അതിൽ എന്തൊക്കെ പോരായ്മകളുണ്ട്; വിശദമാക്കാമോ; | ഡി | ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച 'ഹലൊ ഇംഗ്ലീഷ്' എന്ന പ്രോഗ്രാമിന്റെ ഫലപ്രാപ്തി പഠനം എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം ഗവേഷണ പഠനപരിപാടി മികച്ചതാണെന്ന് അദ്ധ്യാപകർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അദ്ധ്യാപക പരിശീലനത്തിൽ പങ്കെടുക്കുന്നത് പ്രയോജനപ്രദമാണെന്ന് 32% അദ്ധ്യാപകരും പരിശീലനത്തിന്റെ ഭാഗ |

| | | | |
|---|---|---|---|
| | | | മായി നൽകിയ പഠന സാമഗ്രികൾ മികച്ചതാണെന്ന് 31% അദ്ധ്യാപകരും അഭിപ്രായപ്പെട്ടിട്ടുണ്ട്. റോൾ പ്ലേ പോലുള്ള പഠന ക്രമങ്ങൾ ക്ലാസ്സ്മുറിയിൽ ഇംഗ്ലീഷ് സംസാരിക്കുന്നതിന് ഫലപ്രദമായി പ്രയോജനപ്പെടുത്താനായി എന്ന് 25% അദ്ധ്യാപകർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ഗെയിമുകൾ ഉപയോഗപ്രദമായി എന്ന് അഭിപ്രായപ്പെട്ടത് 44% പേർ ആണ്. പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ച പഠനസാമഗ്രികൾ പ്രയോജനപ്രദമായി എന്ന് ആകെ അദ്ധ്യാപകരിൽ പകുതി പേർ അഭിപ്രായപ്പെട്ടു. 'ഹലോ ഇംഗ്ലീഷി'ലെ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കാനുള്ള പരിപാടികൾ ഉത്തമമാണ് എന്ന് അഭിപ്രായപ്പെടുന്നവർ 18% ആണ്. പരിശീലനത്തിന്റെ ഭാഗമായുള്ള ആസൂത്രണവും, വിശകലനവും സംബന്ധിച്ച സെക്ഷനുകൾ ഫലപ്രദമായി എന്ന് അഭിപ്രായപ്പെട്ടവർ പങ്കെടുത്തവരിൽ 28% ആണ്. |
| ഇ | കുട്ടികളുടെ ഗണിതപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും ഗണിതശാസ്ത്രത്തോടുള്ള ഭയം മാറ്റി പ്രൈമറി തലത്തിൽത്തന്നെ കുട്ടികളെ ഗണിതസൗഹൃദമാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | ഇ | 6 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി 'ന്യൂമാറ്റ്സ്' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കുട്ടികളുടെ ഗണിതപരമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പരിപാടികളാണ് ഉല്ലാസ ഗണിതം, ഗണിതവിജയം പരിപാടികൾ. ഉല്ലാസ ഗണിതം 1, 2 ക്ലാസ്സുകളിലെ കുട്ടികൾക്കായും ഗണിതവിജയം 3 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കു വേണ്ടിയും നടപ്പിലാക്കുന്ന പരിപാടികളാണ്. ഗണിത പഠനോപകരണ കിറ്റുകൾ സ്കൂളുകളിൽ ഓരോ കുട്ടിക്കും |

| | | | |
|---|---|---|---|
| | | | നൽകിക്കൊണ്ടാണ് ഉല്ലാസ ഗണിതം പരിപാടി നടപ്പിലാക്കുന്നത്. ക്ലാസ്സ് ഗണിത ലാബുകൾ സജ്ജീകരിച്ചു കൊണ്ടാണ് ഗണിത വിജയം പരിപാടി നടപ്പിലാക്കുന്നത്. ഈ രണ്ടു പരിപാടികളും നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഗണിത പഠനോപകരണങ്ങളുടെ സ്വയംപര്യാപ്തത യാഥാർത്ഥ്യമാക്കാൻ കഴിയും. |

**സെക്ഷൻ ഓഫീസർ**